ഭരണഭാഷ - മാതൃഭാഷ

വരവൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

വരവൂർ.പി. ഒ., തൃശ്ശൂർ ജില്ല, പിൻ - 680 585

Email:varavoorpanchayat@gmail.com , ഫോൺ: 0488 4277336

No.419751/2026-27 തിയ്യതി - 08.11.2026

ഇ-ടെണ്ടർ നോട്ടീസ്

വരവൂർ ഗ്രാമപഞ്ചായത്തിൽ 2026-27 വർഷത്തെ വാർഷികപദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രൊജക്ട് നം 259/ 2026-27 വരവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് വരവൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കുന്നതിനായി അംഗീകൃത കരാറുകാരിൽ നിന്നും മൽസരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

ക്രമനമ്പർ	പ്രവൃത്തിയുടെ പേര്	മതിപ്പ് ചെലവ്	നിരതദ്രവ്യം	ദർഘാസ് ഫാറ വില	ദർഘാസ് ഫോറങ്ങൾ ഓൺലൈനിൽ ലഭിക്കുന്ന തീയ്യതി, സമയം	ദർഘാസ് ഓൺലൈനിൽ സമർപ്പിക്കാനുള്ള അവസാന തീയ്യതി, സമയം	ദർഘാസ് തുറന്നു പരിശോധിക്കുന്ന തീയതി, സമയം
1	2026-27 വരവൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ	200000/-	5000/-	400/- +GST	09.11.2026 വൈകുന്നേരം 6 മണി	23.11.2026 കാലത്ത് 11 മണി	24.11.2026 കാലത്ത് 11 മണി

നിബന്ധനകൾ

1. പുതുതായി ഇടുന്ന ബൾബുകൾ എൽ ഇ ഡി ആയിരിക്കണം. ഉപയോഗിക്കുന്ന സാമഗ്രികൾ ഐ എസ് ഐ നിലവാരത്തിലുള്ളതായിരിക്കേണ്ടതും ഗ്യാരണ്ടി ഉള്ളവയും ആയിരിക്കണം.
2. ഓരോ ഇനത്തിന്റെയും എല്ലാ നികുതികളും ഉൾപ്പെടെയുള്ള സപ്ലൈ നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. എൽ ഇ ഡി ബൾബുകൾ 15Watt Warm White colour, 1 Year warranty with Maintenance എന്നിവ ഉള്ളതായിരിക്കണം.
4. എൽ.ഇ.ഡി. ബൾബുകൾക്ക് ഒരു വർഷത്തെ വാറണ്ടി നൽകേണ്ടതും ആയത് എഗ്രിമെന്റിൽ പ്രതിപാദിക്കേണ്ടതുമാണ്.
5. എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന വിവരം ബന്ധപ്പെട്ട വാർഡ് മെമ്പറെയും ഗ്രാമപഞ്ചായത്ത് ഓഫീസിനെയും മുൻകൂട്ടി അറിയിക്കേണ്ടതും അവരുടെ സാന്നിധ്യത്തിൽ മാത്രം സ്ഥാപിക്കേണ്ടതുമാണ്.
6. കരാറിലേർപ്പെട്ട വർക്ക് ഓർഡർ ലഭ്യമായ ഉടനെ ബൾബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7. കരാറുകാർ ബിറ്റിനോടൊപ്പം ബൾബ് വാങ്ങിയതിന്റെ ബിൽ പകർപ്പും, എൽ ഇ ഡി ബൾബ് സ്ഥാപിച്ച കെഎസ് ഇബി പോസ്റ്റ് നമ്പർ വ്യക്തമായി രേഖപ്പെടുത്തിയും ഹാജരാക്കേണ്ടതാണ്.
8. ടെൻഡർ ഫോറത്തോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ദർഘാസ് ഫീസും ഒടുക്കി രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.
9. ജി.എസ്.ടി., മറ്റ് നികുതികൾ, ഇൻസ്റ്റലേഷൻ ചാർജ് എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
10. ടെൻഡറിൽ സ്ട്രീറ്റ് ലൈറ്റുകളുടെ വാറണ്ടി, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
11. ഐ.എസ്.ഐ. ഗുണനിലവാരമുള്ള സാധനസാമഗ്രികൾ ഉപയോഗിക്കേണ്ടതാണ്.
12. സപ്ലൈ ചെയ്യുന്ന സാധനങ്ങൾക്ക് പെർഫോമൻസ് ഗ്യാരണ്ടി / വാറണ്ടി നൽകേണ്ടതാണ്.
13. സെക്യൂരിറ്റി ഡെപ്പോസിറ്റ് വാറണ്ടി കാലാവധിക്കുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
14. ടെൻഡർ അംഗീകരിച്ച് നോട്ടീസ് ലഭിക്കുന്ന ഏജൻസി / സ്ഥാപനം സാധനസാമഗ്രികൾ സ്വന്തം ചെലവിൽ നിർദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതാണ്. അഡ്വാൻസ് തുക അനുവദിക്കുന്നതല്ല.
15. ടെൻഡർ അംഗീകാരം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായിരിക്കും.
16. കൃത്യസമയത്ത് പ്രവൃത്തി ചെയ്യാതിരിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.
17. ടെൻഡർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ടെൻഡർ തുറന്ന് പരിശോധിക്കുന്നതാണ്.

VARAVOOR GRAMA PANCHAYAT OFFICE
VARAVOOR P.O. PIN 680 635

8.11.2026

SECRETARY
VARAVOOR GRAMAPANCHAYATH
VARAVOOR P.O. THRISSUR